# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബിപി)939/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 10/08/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം
3. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബിപി)939/2020 തീയ്യതി: 10/08/2021

## എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-08-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 15-07-2020 | 24-07-2020 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2020 | 24-07-2020 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ഷേർളി ജോസഫ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2. ഷൈബി ഇ ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
3. ഷിബു പൗലോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനി ബാബു | പ്രസിഡന്റ് | 01-04-2019 | 14-06-2019 |
| ശ്രീമതി ബിന്ദു ഗോപാലകൃഷ്ണൻ | പ്രസിഡന്റ് | 15-06-2019 | 31-03-2020 |
| ശ്രീ തോമസ് കെ എ | സെക്രട്ടറി | 01-04-2019 | 20-06-2019 |
| ശ്രീമതി ലലന കെ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-06-2019 | 03-07-2019 |
| ശ്രീമതി മഞ്ജു എം | സെക്രട്ടറി | 04-07-2019 | 30-10-2019 |
| ശ്രീ നസീർ കെ എച്ച് | സെക്രട്ടറി | 31-10-2019 | 03-11-2019 |
| ശ്രീമതി സേതുലക്ഷ്മി വി എൻ | സെക്രട്ടറി | 04-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിനോയ് എം പി | അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ എൻ ബാലകൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 23-07-2019 |
| ശ്രീ ഷൈൻ എച്ച് പള്ളത്ത് | അസിസ്റ്റന്റ് എഞ്ചിനിയർ | 24-07-2019 | 31-03-2020 |
| ശ്രീമതി ബബിത ഇ എം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 02-04-2019 |
| ശ്രീമതി റ്റാനി തോമസ് | കൃഷി ഓഫീസർ, ചാർജ്ജ് | 03-04-2019 | 19-04-2019 |
| ശ്രീമതി ബബിത ഇ എം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 20-04-2019 | 16-09-2019 |
| ശ്രീമതി ചന്ദ്രബിന്ദു കെ ആർ | കൃഷി ഓഫീസർ, ചാർജ്ജ് | 17-09-2019 | 19-10-2019 |
| ശ്രീമതി ബബിത ഇ എം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 20-10-2019 | 16-12-2019 |
| ശ്രീ ഫിലിപ്പ്ജി ടി കാനാട്ട് | കൃഷി ഓഫീസർ, ചാർജ്ജ് | 17-12-2019 | 06-01-2020 |
| ശ്രീമതി മോളി പി | കൃഷി ഓഫീസർ, | 07-01-2020 | 31-03-2020 |

| | | | |
|---|---|---|---|
| എൻ | ചാർജ് | | |
| ശ്രീമതി ബിന്ദുജ കെ എസ് | ക്ഷീരവികസന ഓഫീസർ | 01-04-2019 | 30-06-2019 |
| ശ്രീമതി റഫീന ബീവി എം എം | ക്ഷീരവികസന ഓഫീസർ | 01-07-2019 | 31-03-2020 |
| ശ്രീ രാജീവ് എസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഇ സൈനബ | മെഡിക്കൽ ഓഫീസർ ഇൻ ചാർജ്, സി എച്ച് സി വേങ്ങൂർ | 01-04-2019 | 31-03-2020 |
| ശ്രീമതി ബീന റ്റി ആർ | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2019 | 31-05-2019 |
| ശ്രീമതി സൗമ്യ എം ജോസഫ് | ശിശു വികസന പദ്ധതി ഓഫീസർ | 01-06-2019 | 14-07-2019 |
| ശ്രീമതി അന്നമ്മ വർഗീസ് പി | ശിശു വികസന പദ്ധതി ഓഫീസർ | 15-07-2019 | 31-01-2020 |
| ശ്രീമതി ജയന്തി പി നായർ | ശിശു വികസന പദ്ധതി ഓഫീസർ | 01-02-2020 | 31-03-2020 |
| ശ്രീ ജിബിൻ ജോയ് | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-3 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-5 |
| 6 | പദ്ധതി അവലോകനം<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-11 |
| 12 | ബഡ്സ് സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കൽ -പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-12 |
| 13 | വി സി ബി ട്രാക്ടർ പാസേജ് നിർമ്മാണം<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-13 |
| 14 | പാലിയേറ്റീവ് പരിചരണം -അപാകതകൾ<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-14 |
| 15 | പി എം എ വൈ ഭവന നിർമ്മാണ പദ്ധതി-മുൻകൂർ കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചില്ല<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-15 |
| 16 | മുൻകൂർതുക റീകൂപ്പ് ചെയ്തിട്ടില്ല<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-16 |

| | | |
|---|---|---|
| 17 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sherly Joseph (Audit Officer (HG), On 02-12-2021) | 1-17 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: () | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: () | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: () | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: () | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ്<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: () | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: () | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sheelamma P.B (Computer Assistant, On 10-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: () | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: () | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: () | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sherly Joseph (Audit Officer (HG))<br>Last Updated By: Sheelamma P.B (Computer Assistant, On 10-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 21.02.2019ലെ 1(1)നം തീരുമാനപ്രകാരം പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.03.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 02.06.2020 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

വാർഷികധനകാര്യ പത്രിക പരിശോധിച്ചതിന്റെ സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22437079 |
| വരവ് | 42249848 |
| ആകെ | 64686927 |
| ചെലവ് | 56726770 |
| നീക്കിയിരിപ്പ് | 7960157 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | - | 42815000 | 42815000 | 27062592* | | 15752408 |
| വികസനഫണ്ട് - എസ്.സി.പി. | - | 13805000 | 13805000 | 2664510 | | 11140490 |
| വികസനഫണ്ട് - ടി.എസ്.പി. | - | 486000 | 486000 | 444000 | | 42000 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | - | 5594000 | 5594000 | 3554036 | | 2039964 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2921914 | 11748233 | 14670147 | 11465004 | 3205143 | |
| സാനിട്ടേഷൻ | 1176194 | 46326 | 1222520 | 0 | 1222520 | |
| മിസലേനിയസ് (ബാങ്ക് ഓഫ് ഇൻഡ്യ) | 726825 | 475241 | 1202066 | 382037 | 820029 | |
| ഐ എ വൈ ലോൺ | 10700 | 0 | 10700 | 0 | 10700 | |
| ഐ എ വൈ | 13870707 | 920958 | 14791665 | 14699241 | 92424 | |
| പി എം എ വൈ | 3104318 | 523651 | 3627969 | 1282867 | 2345102 | |
| ഐ എ വൈ (ഭരണചെലവുകൾ) | 62346 | 56798 | 119144 | 119144 | 0 | |
| എം കെ എസ് പി | 75 | 342 | 417 | 178 | 239 | |
| ജോയിന്റ് | 550000 | 514426 | 1064426 | 814426 | 250000** | |

| | | | | | | |
|---|---|---|---|---|---|---|
| വെഞ്ച്വർ | | | | | | |
| BPFA-I | 14000 | -- | 14000 | --- | 14000 | |

1. *അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 1002869/-രൂപയുടെ ക്യൂ ബിൽ ഉൾപ്പെടെ 28065461/-രൂപയാണ് ആകെ ചെലവായി ചേർത്തിരിക്കുന്നത്.
2. ജോയിന്റ് വെഞ്ച്വർ സ്പെഷ്യൽ ടി എസ് ബി അക്കൌണ്ടിൽ 250000/-രൂപ നീക്കിയിരിപ്പ് കൂടാതെ സംയുക്ത പദ്ധതികൾക്കായി ലഭിച്ച 2345102/-രൂപ പി എം എ വൈ ന്യൂ ഗ്രാന്റ് ഫണ്ട്സ് എന്ന അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 135 | 87482357 | 77 | 36935963 | 17 | 41 | 57% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ
1. അമ്പലത്തോട് ലീഡിംഗ് ചാനൽ -ഒക്കൽ (നം.40/20)
2.സി എച്ച് സി സോളാർ പാനൽ സ്ഥാപിക്കൽ

## 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.07.2020 -ൽ ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഈ ദിവസം യാതൊരു തുകയും വരവ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**1. പദ്ധതികളുടെ മോണിട്ടറിങ്ങ്.**

എ) വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന് കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് ആവശ്യമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് വിലയിരുത്തണമെങ്കിൽ കൃത്യമായ മോണിട്ടറിങ്ങ് കൂടിയേ തീരൂ. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് മോണിട്ടറിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. തൻവർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ പലതിന്റെയും ഫയലുകളിൽ മോണിട്ടറിങ്ങ് സമിതി റിപ്പോർട്ട്, പൂർത്തീകരണ റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തിയതായി കാണുന്നില്ല. സമിതി വിലയിരുത്തൽ ഇല്ലാത്തത് പ്രവൃത്തിയുടെ വിശ്വാസ്യതയെത്തന്നെ സംശയാസ്പദമാക്കുമെന്നതിനാൽ ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.
ബി) സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള പദ്ധതികളിൽ വിവിധ റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി പഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. ഈ റോഡുകൾ പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തിലൂടെ മാത്രം കടന്നു പോകുന്ന റോഡുകളായതിനാൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണം നടത്തേണ്ടവയല്ല. പദ്ധതി തുക കൈമാറുക എന്ന ഒരു ഉത്തരവാദിത്തം മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് ടി നിർമ്മാണപ്രവൃത്തികളിൽ നിർവഹിച്ച് വരുന്നത്. രണ്ട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതോ അല്ലെങ്കിൽ വിവിധ പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്നതോ ആയ പ്രവൃത്തികളാണ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കേണ്ടത്. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നവയാണോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**2. ഇൻകുംബൻസി രജിസ്റ്റർ**

ഇൻകുംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ

ഉൾപ്പെടുത്തുന്നില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടേതുൾപ്പെടെ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ പൂർത്തിയാക്കേണ്ടതാണ്.

3. വിവിധയിനങ്ങളിൽ ലഭ്യമാകുന്ന ഡെപ്പോസിറ്റുകളുടെ വർഷാന്ത്യ കണക്ക് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഓരോയിനത്തിലും ഉള്ള മുൻബാക്കി, വരവ്-ചെലവ്, നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4. ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.10.2019മുതൽ 01.11.2019വരെ | 2018-19 | 13.03.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.2014 മുതൽ 29.01.2014 വരെ (സെക്രട്ടറി) | 2009-10 മുതൽ 2012-13 വരെ | 07.06.2014 |

## 1-11 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ അനുബന്ധം 1 ന്റെ ഭാഗമായി ചേർത്തിട്ടുണ്ട്.

## 1-12 ബഡ്സ് സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കൽ -പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | SO027/2020 |
| പ്രോജക്ടിന്റെ പേര് | ബഡ്സ് സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷിൻ സ്ഥാപിക്കൽ |
| നിർവഹണ ഉദ്യോഗസ്ഥ | ശിശു വികസന പദ്ധതി ഓഫീസർ (CDPO) |
| അടങ്കൽ തുക | 208722/- |
| ചെലവ് വിവരം-ബിൽ നം, തീയതി,തുക | 006/2019-20, 12.12.2019 രൂപ. 208714 |

ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലുള്ള മൂന്ന് ബഡ്സ് സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷിനും ഇൻസിനിറേറ്ററും സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. മേൽ പ്രോജക്ട് നടപ്പിലാക്കുവാൻ അംഗീകൃത അക്രഡിറ്റഡ് ഏജൻസിയായHLL Life Care Limited എന്ന സ്ഥാപനം സമർപ്പിച്ച ഇൻവോയിസിന് ബ്ലോക്ക് പഞ്ചായത്ത് 26.07.2019-ലെ 6(1) നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിരുന്നു. 04.07.2019-ലെ G.O.(P) No.77/2019/Fin ഉത്തരവ് പ്രകാരം "Building Works And General Civil Construction Works "എന്നിവ നടത്തുന്നതിന് മാത്രമാണ് HLL Life Care Limited എന്ന ഏജൻസിയ്ക്ക് അക്രഡിറ്റേഷൻ ഉള്ളത്. HLL Life Care Limited എന്ന സ്ഥാപനമാണ് For World Enterprises എന്ന ഏജൻസിയെ മേൽ പ്രോജക്ട് നടപ്പിലാക്കുവാൻ ചുമതലപ്പെടുത്തിയത്. പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്ന ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് അക്രഡിറ്റേഷൻ ഇല്ലാത്ത ഏജൻസിയുടെ ഇൻവോയിസ് അംഗീകരിക്കുകയും അവർ ചുമതലപ്പെടുത്തിയ മറ്റൊരു ഏജൻസിയെ നിർവഹണം നടത്താൻ അനുവദിച്ചതും തെറ്റായ നടപടിയാണ്. Building Works And General Civil Construction Works "എന്നിവ നടത്തുന്നതിന് മാത്രം അക്രഡിറ്റേഷൻ ഉള്ള ഏജൻസിയെ നിർവഹണം നടത്തുവാൻ പ്രോജക്ടിൽ ഉൾപ്പെടുത്തിയതിനും ബ്ലോക്ക് പഞ്ചായത്ത് അംഗീകരിക്കാത്ത For World Enterprises എന്ന സ്ഥാപനത്തെ പ്രോജക്ട് നടപ്പിലാക്കുവാൻ ചുമതലപ്പെടുത്തിയതിനും വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.01/22.07.2020)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് തയ്യാറാക്കുമ്പോഴും നടപ്പിലാക്കുമ്പോഴും മേൽവിവരിച്ച അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-13 വി സി ബി ട്രാക്ടർ പാസേജ് നിർമ്മാണം

| | |
|---|---|
| പദ്ധതിയുടെ പേര്, നം | നബാർഡ് ആർ ഐ ഡി എഫ് XXI -കീഴില്ലം കുറിച്ചിലക്കോട് വലിയതോടിന് കുറുകെ വി സി ബി കം ട്രാക്ടർ പാസേജ് നിർമ്മാണം - 110/20 |
| അടങ്കൽ | 7000000/-( വികസനഫണ്ട്-350000/-, നബാർഡ് വിഹിതം 6650000/-) |
| ചെലവ് | 1350659/- |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം/ ചെക്ക് നം. | 1.ചെക്ക് നം.2281717/തീയതി 25.06.2019 രൂ 9,00,000/-<br>2.ചെക്ക് നം.2281718/തീയതി 26.06.2019 രൂ 4,03,400/-<br>3.ബിൽ നം. 38/19-20 തീയതി 19.10.2019രൂ 47,259/-<br>ആകെ രൂ 13,50,659/- |

കൂവപ്പടി ബ്ളോക്കിൽപ്പെട്ട മുടക്കുഴ ഗ്രാമപഞ്ചായത്തിൽ കുറിച്ചിലക്കോട് വലിയതോടിന് സംരക്ഷണഭിത്തി കെട്ടി ജലസേചനസൗകര്യം വർദ്ധിപ്പിക്കുന്നതിന് തോടിനു കുറുകെ ക്രോസ്സ് ബാറും തോടിന്റെ ഇരുവശത്തേയ്ക്കും ട്രാക്ടറിനും കൃഷിക്കാർക്കും പോകുന്നതിന് ട്രാക്ടർ പാസേജും നിർമ്മിച്ച് കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തുക എന്നതാണ് പദ്ധതി ലക്ഷ്യം. നബാർഡിന്റെ വായ്പ 66.5 ലക്ഷം രൂപയും ബ്ലോക്ക് വിഹിതമായ 3.5 ലക്ഷം രൂപയും ഉൾപ്പെടെ 70 ലക്ഷം രൂപ അടങ്കലിൽ മേൽ പദ്ധതി നടപ്പാക്കുന്നതിന് ഇ-ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത കരാറുകാരന് (ബിജു കെ ചെറിയാൻ PAC-6260241/-രൂപ) വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. 16.07.2018 -ൽ കരാർ(2/2018-19) വച്ച പ്രവൃത്തിയുടെ പൂർത്തീകരണതീയതി 28.02.2019 ആയിരുന്നു. എന്നാൽ പാടത്ത് പുഞ്ചകൃഷിചെയ്തിരുന്നതിനാൽ കൊയ്ത്തിനുശേഷം ഡിസംബറിൽ മാത്രമാണ് പണിതുടങ്ങാനായതെന്നും അതിനാൽ പിഴ കൂടാതെ പൂർത്തീകരണതീയതി 28.05.2019 വരെ നീട്ടി നൽകണമെന്ന കരാറുകാരന്റെ 27.02.2019 ലെ അപേക്ഷ പരിഗണിച്ച് 28.05.2019 വരെ സമയം അനുവദിച്ചു .28.05.2019ൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ ഗുണനിലവാര പരിശോധന നടത്തി എൽ ബിഎസ് സെന്റർ സർട്ടിഫിക്കറ്റ് നൽകുകയും അസിസ്റ്റന്റ് എഞ്ചിനിയർ ഫൈനൽ ബിൽ തയ്യാറാക്കി സെക്രട്ടറിക്കു നൽകുകയും ചെയ്തിട്ടുണ്ട്. കൺസൽട്ടൻസി ചാർജ്ജടക്കം പ്രവൃത്തിമൂല്യം 53,89,877 രൂപയാണ്.എന്നാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടത്തിയ സൈറ്റ് പരിശോധനയിൽ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള ട്രാക്ടർ പാസേജ് നിർമ്മിച്ചിട്ടില്ല എന്ന് കണ്ടെത്തി. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള സെക്രട്ടറിയുടെ കത്തിന് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ നൽകിയ മറുപടിയിൽ പ്രവൃത്തിയുടെ പേര് വി സി ബി കം ട്രാക്ടർ പാസേജ് എന്നാണെങ്കിലും എസ്റ്റിമേറ്റിൽ ട്രാക്ടർ പാസേജോടുകൂടി വി സി ബി നിർമ്മിക്കുവാൻ തക്ക പില്ലറുകളും സ്ലാബുകളും ഉൾപ്പെടുത്തിയിരുന്നില്ലെന്നും ആയതിനാൽ ട്രാക്ടർ പാസേജ് ഒഴിവാക്കി പദ്ധതിയുടെ പ്രധാന ഉദ്ദേശ്യമായ വി സി ബിയും അതിന്റെ ഷട്ടറുകളും എസ്റ്റിമേറ്റിലെ അളവിൽ അധികരിക്കാത്ത വിധം പില്ലറുകളുടെ ഉയരം കൂട്ടി സ്ലാബ് നിർമ്മിച്ച് പദ്ധതി പ്രവർത്തനക്ഷമമാകും വിധം പൂർത്തീകരിക്കുകയുമാണ് ചെയ്തതെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ നിർവ്വഹണഘട്ടത്തിൽ ഇപ്രകാരം തടസ്സം നേരിട്ട വിവരം എൻജിനിയർ സെക്രട്ടറിയെയോ ഭരണസമിതിയെയോ അറിയിച്ചതായി ഫയലിൽ കാണുന്നില്ല. നബാർഡ്- ആർ ഐ ഡി എഫ് പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നതിന് ഗ്രാമവികസന കമ്മീഷണർ 02.07.2016 ൽ നൽകിയ നിർദ്ദേശങ്ങളുടെ 2-ാം ഖണ്ഡികയിൽ യാതൊരു കാരണവശാലും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കഴിഞ്ഞാൽ എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തുവാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.അതിനാൽത്തന്നെ വളരെ സൂക്ഷ്മതയോടെ പഠിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതായിരുന്നു. 8-ാം ഖണ്ഡികയിൽ പദ്ധതിനിർവ്വഹണം ബ്ളോക്ക്, ജില്ലാ തലത്തിൽ മോണിട്ടർ ചെയ്യണമെന്നും പുരോഗതി റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർക്ക് എല്ലാ മാസവും അയച്ചുകൊടുക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇതൊന്നും പാലിക്കപ്പെട്ടിട്ടില്ല. കൃഷിയുടെ ഉന്നമനം ലക്ഷ്യമാക്കിയ പദ്ധതി പൂർത്തീകരിച്ചപ്പോൾ കൃഷിക്കാർക്കും കാർഷികയന്ത്രങ്ങൾക്കും കൃഷിയിടത്തേയ്ക്ക് കടക്കാനാവാത്ത അവസ്ഥയാണ് സംജാതമായിട്ടുള്ളത്. കൃത്യതയോടെ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനും അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്ന് വ്യതിചലിച്ച് പ്രവൃത്തി നടപ്പാക്കി പൊതുപ്പണം പാഴാക്കിയതിനും വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് 23.07.2020 ൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6) മറുപടി ലഭിച്ചിട്ടില്ല.

ചെലവിന്റെ വിശദാംശം :-

| | |
|---|---|
| കരാറുകാരന് നൽകിയത് | രൂ. 13,03,400 /- (മൊബിലൈസേഷൻ അഡ്വാൻസ്) |
| കൺസൾട്ടൻസി ചാർജ്ജ് | രൂ. 47,259/- |
| | ആകെ രൂ.13,50,659/- |

## 1-14 പാലിയേറ്റീവ് പരിചരണം -അപാകതകൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.10.2015 ലെ ജി ഒ (ആർ ടി) 3217/2015 ഉത്തരവിലൂടെ പാലിയേറ്റീവ് പരിചരണത്തിനുള്ള വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖയുടെ ഖണ്ഡിക 2.10 ൽ പ്രോജക്ട് തയ്യാറാക്കൽ, നടത്തിപ്പ് എന്നിവയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. 2.10.6 ൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനെപ്പറ്റി വ്യക്തമാക്കുന്നത് ഇപ്രകാരമാണ്. പാലിയേറ്റീവ് കെയറിന് വേണ്ടി ഓരോ സാമ്പത്തിക വർഷത്തേയ്ക്കും ഒരു പ്രോജക്ട് മാത്രമേ തയ്യാറാക്കാവൂ. സാമ്പത്തിക വർഷാരംഭം മുതൽ അവസാനംവരെ വേണ്ടിവരുന്ന എല്ലാ പ്രവർത്തനങ്ങളും ചെലവുകളും കണക്കാക്കി പ്രോജക്ട് തയ്യാറാക്കണം. ഒരു സാമ്പത്തികവർഷം അവസാനിച്ചാൽ ആ വർഷത്തെ പ്രോജക്ട് അവസാനിപ്പിക്കണം. സ്പിൽ ഓവറായി പ്രോജക്ട് തുടർന്ന് നടപ്പാക്കാൻ പാടില്ല. ഒരു വാർഷിക പദ്ധതിയിൽ ഒന്നിലധികം പാലിയേറ്റീവ് പ്രോജക്ടുകൾ തയ്യാറാക്കുവാനും നടപ്പാക്കാനും പാടില്ല. എന്നാൽ തൻവർഷം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ ഒരു പുതിയ പ്രോജക്ടും ( പ്രോജക്ട് നം. 89/20), ഒരു സ്പിൽ ഓവർ പ്രോജക്ടും ( പ്രോജക്ട് നം. 139/20) നടപ്പാക്കിയിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട ഹോംകെയർ സംവിധാനം (പ്രാഥമിക പരിചരണം) പദ്ധതിമാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. പ്രാഥമിക പരിചരണ യൂണിറ്റുകൾക്ക് ചെയ്യാൻ കഴിയാത്ത വിദഗ്ദ്ധ പരിചരണം (സെക്കൻഡറി) ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങളും അതിനാവശ്യമായ സൌകര്യങ്ങളും തങ്ങൾക്ക് കൈമാറിക്കിട്ടിയ സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകളാണ് ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടത് (മാർഗ്ഗരേഖ ഖണ്ഡിക 3 (ii) .

മാർഗ്ഗരേഖയുടെ ഖണ്ഡിക 2.6.13 ൽ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി വാർഷിക സംഗമം നടത്തുന്നതിന് അനുമതിയുണ്ട്. ഇങ്ങനെ സംഘടിപ്പിക്കുന്ന സംഗമങ്ങളിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണ ചെലവിലേക്കായി പരമാവധി 60/- രൂപ വീതവും നടത്തിപ്പു ചെലവുകൾക്കായി പരമാവധി 3000/- രൂപയും ചെലവഴിക്കാവുന്നതാണ്. എന്നാൽ ബ്ലോക്ക്പഞ്ചായത്ത് സംഘടിപ്പിച്ച രോഗീ-ബന്ധു സംഗമത്തിൽ പങ്കെടുത്ത 300 പേർക്ക് ഭക്ഷണച്ചെലവിനത്തിൽ 30000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണപദ്ധതികൾ രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്യുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച 23.07.2020-ൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5)മറുപടി ലഭിച്ചില്ല.

## 1-15 പി എം എ വൈ ഭവന നിർമ്മാണ പദ്ധതി-മുൻകൂർ കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചില്ല

കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ 2016-17 ൽ നടപ്പാക്കിയ പി എം എ വൈ (ജനറൽ) പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഭവന നിർമ്മാണത്തിനായി അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ പ്രിയ സുബി പെരുമ്പിള്ളിൽ, മുനിപ്പാറ, വേങ്ങൂർ എന്ന ഗുണഭോക്താവ് (08.03.2017 ൽ 48000/- രൂപ അഡ്വാൻസ് കൈപ്പറ്റി) ഭവനനിർമ്മാണം ആരംഭിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 23.07.2020 ലെ 2 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം പലിശ സഹിതം തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-16 മുൻകൂർതുക റീക്കുപ്പ് ചെയ്തിട്ടില്ല

എം കെ എസ് പി പദ്ധതി നടപ്പാക്കുന്നതിനായി മോഡൽ പ്രോജക്ട് സന്ദർശിക്കുന്നതിന് കണ്ണൂർ ജില്ലയിലെ മയ്യിൽ പഞ്ചായത്തിലേക്ക് നടത്തിയ യാത്രയുടെ ചെലവിലേക്കായി 20,000/-രൂപ യാത്രാബത്ത ഇനത്തിൽ മുൻകൂറായി വൌച്ചർ നം. 21900271 തീയതി 24.10.2019 പ്രകാരം ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, ശ്രീ ഷൈജു പോൾ, കാക്കനാട്ട് - ന് തനത് ഫണ്ടിൽ നിന്ന് അനുവദിച്ച് നൽകിയിട്ടുണ്ട്. തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ ടി തുക എം കെ എസ് പി വിഹിതത്തിൽ നിന്നും റീക്കുപ്പ് ചെയ്ത് സ്പെഷ്യൽ ടി എസ് ബി അക്കൌണ്ടിലേക്ക് വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 28.10.2019 ൽ യാത്ര നടത്തിയതിന്റെ ബില്ലുകളും മറ്റ് രേഖകളും ഹാജരാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ തനത് ഫണ്ടിലേക്ക് തുക റീക്കുപ്പ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 23.07.2020 ലെ 4 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ തുക തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-17 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിലെ താഴെപ്പറയുന്ന സംയുക്ത പദ്ധതികൾക്കായി വിവിധ പഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ടി തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് നം. പേര് | നൽകിയ തുക | ബിൽ നമ്പർ/ തീയതി | കുറിപ്പ് |
|---|---|---|---|---|---|
| 1 | സെക്രട്ടറി | S0195/20 സൺഡേ സ്കൂൾ കുനമാലി പൂച്ചക്കര റോഡ് ടാറിംഗ്-അശമന്നൂർ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | 5,00,000/- | 43/19-20 28.10.19 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| 2 | സെക്രട്ടറി | 88/20 ലൈഫ് ഭവനപദ്ധതി (ടി എസ് പി)- വേങ്ങൂർ ഗ്രാമപഞ്ചായത്ത് | 162000/-<br>162000/-<br>120000/-<br>ആകെ 444000/- | ബിൽ നം. 15/19-20 22.07.2019 26/19-20 22.08.19 | 444000/-രൂപ നൽകിയതിൽ 416913/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രം ഹാജരാക്കി |
| 3 | സെക്രട്ടറി | 86/20 ലൈഫ് ഭവന പദ്ധതി (ജനറൽ) | രായമംഗലം ഗ്രാമപഞ്ചായത്ത്-800000/- | ലഭ്യമല്ല | 40000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രം ഹാജരാക്കി |
| | | | അശമന്നൂർ ഗ്രാമപഞ്ചായത്ത് 3000000/- | ലഭ്യമല്ല | 781802/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രം ഹാജരാക്കി |
| | | ആകെ | 4744000/- | | |

കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 4744000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 2019-20 വാർഷിക ഓഡിറ്റിന്റെ ഭാഗമായിത്തന്നെയാണ് കണക്കുകൾ പരിശോധിച്ചിട്ടുള്ളത്. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വേങ്ങൂർ ഗ്രാമപഞ്ചായത്ത് | 2019-20 | 70000/- | പി എം എ വൈ | 70000/- | 0 |
| ഒക്കൽ ഗ്രാമ പഞ്ചായത്ത് | 2019-20 | 350000/- | പി എം എ വൈ | 45000/- | 305000/- |
| ജില്ലാ പഞ്ചായത്ത് | 2019-20 | 3,00,000/- | പി എം എ വൈ | 0 | 3,00,000/- |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2019-20 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ലോൺ | സ.ഉ.സാധാ.90/13/ ത.സ്വഭ.വ /14.3.13 | 1,04,25,000 | 3989689 | 3989689 | 5483957 | 0 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(A) പേജ് 41 | 1,47,000 | കല്ലിൽ ഗവ. എൽ. പി.സ്കൂൾ കെട്ടിട നിർമ്മാണം - വേലയുടെ മൂല്യത്തേക്കാൾ കൂടുതൽ തുക നല്കി | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(B) പേജ് 41 | 29,000 | കൂവപ്പടിമേലേത്തിനാൽ പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി -പമ്പ് സെറ്റ് വാങ്ങിയതിലെ ക്രമക്കേടുകൾ | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(C) പേജ് 41 | 50,000 | ഇരിങ്ങോൾ - ഇരവിച്ചിറ കമ്മ്യൂണിറ്റി സെന്റർ നിർമ്മാണം | തീർപ്പാക്കിയിട്ടില്ല |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് ₹ | 42249848 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് ₹ | 56726770 |
| വരവിനങ്ങളിലുള്ള നഷ്ടം ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ₹ | 4744000 |

**(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-17 | 944000 | ശ്രീമതി മഞ്ജു എം, സെക്രട്ടറി |
| | 3800000 | ശ്രീമതി വി എൻ സേതുലക്ഷ്മി, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മഞ്ജു എം, സെക്രട്ടറി | സെക്രട്ടറി, ചമ്പക്കുളം ബ്ലോക്ക്പഞ്ചായത്ത്, ആലപ്പുഴ | ശ്രുതി നിവാസ് , പുന്നപ്ര പി ഒ, ആലപ്പുഴ- 688 004 |
| ശ്രീമതി വി എൻ. സേതുലക്ഷ്മി, സെക്രട്ടറി | സെക്രട്ടറി, കുവപ്പടി ബ്ലോക്ക്പഞ്ചായത്ത് | സേതുലക്ഷ്മി വി എൻ, മൂത്തേടത്ത് ഹൗസ്, ആരക്കുന്നം പി ഒ, മുളന്തുരുത്തി-682 313 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ.(സി1).2137/2011/21.11.2011 |
| 1998-99 | |
| 1999- 2000 | |
| 2000-01 | |
| 2000-01 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)1439/ 2019/ 05.08.2019 |
| 2007-08 | |
| 2008-09 | |
| 2013-14 & 2014-15 | |
| 2015-16 | |
| 2016-17 | |
| 2017-18 | |
| 2018-19 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)1605/ 2019/ 04.06.20 |

**ജോയിന്റ് ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം – 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

**ജോയിന്റ് ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

.

**2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.**

1. 21.03.2015 ലെ ജി.ഒ.(പി) നം.119/2015/ഫിൻ പ്രകാരം BPF A-I അക്കൗണ്ട് നിർത്തലാക്കിയതാണ്. എന്നാൽ ടി അക്കൗണ്ടിൽ 14,000/- രൂപ നീക്കിയിരിപ്പുള്ളതായാണ് RP 40(b)യിൽ രേഖപ്പെടുത്തിയിരുന്നത്.

2. ബി-4 ഷെഡ്യൂൾ പ്രകാരം 320700403 എന്ന ഹെഡ്ഡിൽ 94426/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ഈ തുക ചെലവായിട്ടുള്ളതും നീക്കിയിരിപ്പ് ഇല്ലാത്തതുമാണ്.

3. 1002869/-രൂപയുടെ ക്യൂ ബില്ലുകൾ കൂടി ഉൾപ്പെട്ടിട്ടുള്ളതിനാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വികസനഫണ്ട് (ജനറൽ) ഇനത്തിൽ ചെലവ് 28065461/- രൂപയാണ്. എന്നാൽ വാർഷികധനകാര്യ പത്രിക ഷെഡ്യൂൾ RP-7 പ്രകാരമുള്ള യഥാർത്ഥ ചെലവ് 27062592/-രൂപയാണ്.

**ജോയിന്റ് ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **KOOVAPPADY BLOCK PANCHAYAT** in Ernakulam District for the year ended on 31.03.2020 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the Rules their under and the guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions.

In my opinion, the Financial Statement of **KOOVAPPADY BLOCK PANCHAYAT** for the year 2019-20 subject to the observations in the annexure, properly presents the picture of income, expenditure and closing balance.

**JOINT DIRECTOR**
KERALA STATE AUDIT DEPARTMENT
ERNAKULAM DISTRICT

## Defects Identified on Verification of Annual Financial Statement for the year 2019-20

1. The Account BPFA-I was closed as per GO (P) 119/2015 Fin dated 21.03.2015. But the RP-40(b) Schedule shows a balance of 14000/- with the account .

2. The B-4 Schedule shows a balance of 94426/- under the head 320700403. But this is an expended amount erroneously shown as balance.

3. The ACR kept has booked Q bills amounting to Rs. 1002869/-and hence the total expenditure under the head Development Fund (General) is Rs. 28065461/-. But as per RP-7 Schedule , the total expenditure of Development Fund (General ) is Rs.27062592/-

**JOINT DIRECTOR**
KERALA STATE AUDIT DEPARTMENT
ERNAKULAM DISTRICT

/SJ/

.